എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം

86 (311) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിലേറെ സ്ഥലസൗകര്യങ്ങളും കെട്ടിടങ്ങളും ഉള്ള എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കി തൊഴിലാളികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയോടനുബന്ധിച്ച് ആയുർവേദ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്.

(സി) ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിച്ചു വരികയാണ്.

വൈദ്യുതി മിച്ച സംസ്ഥാനം

87 (312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരമാണ്ടിൽ കേരളം വൈദ്യുതി മിച്ച സംസ്ഥാനമായിരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആ ലക്ഷ്യം സാധിച്ചുവോ ;

(സി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ;

(ഡി) സംസ്ഥാനത്തിനു പുറത്ത് നിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ കണക്കിൽ വൈദ്യുതി ബോർഡിന് പ്രതിദിനം എന്തു നഷ്ടമുണ്ടാകുന്നു ;

(എഫ്) രണ്ടായിരമാണ്ടിൽ വൈദ്യുതി മിച്ചമാണെങ്കിൽ പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) സാധിച്ചു.

(സി) വൈദ്യുതി നിലയങ്ങളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയും പുതിയ പദ്ധതികൾ നടപ്പാക്കിയുമാണ് ലക്ഷ്യം കൈവരിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1007.1 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയാണ് സംസ്ഥാനത്തിന് പുറമേ നിന്നും വാങ്ങുന്നത്.

(ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് കൊണ്ടുണ്ടാകുന്ന ലാഭനഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(എഫ്) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിനർഹമായ വൈദ്യുതിയാണ് പുറമേ നിന്നും വാങ്ങുന്നത്. കേന്ദ്രവിഹിതംകൂടി കണക്കിലെടുത്താണ് സംസ്ഥാനത്തിന്റെ സ്വയംപര്യാപ്തത കണക്കാക്കിയിട്ടുള്ളത്.

വൈദ്യുതി മേഖലയിൽ നിക്ഷേപം

88 (313) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യുച്ഛക്തി മേഖലയിൽ എത്ര കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് ;

(ബി) 1994-95 മുതൽ 2000-2001 വരെ ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഇപ്പോൾ എന്തു ചെലവ് വരുമെന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബോർഡിന്റെ വാർഷിക കണക്ക് പ്രകാരം 1996-97 മുതൽ 1999-2000 വരെ വിദ്യുച്ഛക്തി മേഖലയിൽ 2428.14 കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) 1994-95 മുതൽ 2000-2001 വരെ ഓരോ വർഷവും സംസ്ഥാനത്ത് ഉല്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly